**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ദുരന്ത നിവാരണ, പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് ലോക്കൽ റിസോഴ്സസ് ഗ്രൂപ്പ് രൂപീകരണം പ്രവർത്തനം സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പ്**

**സ.ഉ.(കൈ) നം.9/2020/ത.സ്വ.ഭ.വ.** തിരുവനന്തപുരം, തീയതി 06/01/2020

---

പരാമർശം:- 1 സ.ഉ(കൈ)നം156/2019/ത.സ്വ.ഭ.വ തീയ്യതി 4/12/2019

**ഉത്തരവ്**

ദുരന്ത നിവാരണ പദ്ധതി സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒരു റിസോഴ്സ് ഗ്രൂപ്പ് അനിവാര്യമാണ്. ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുന്നതിനും കാലാകാലങ്ങളിൽ അത് പരിഷ്ക്കരിക്കുന്നതിനും, ദുരന്ത ലഘൂകരണത്തിനും ദുരന്ത നിവാരണത്തിനും, ദുരന്ത മുന്നൊരുക്കങ്ങൾക്കുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ദുരന്തനിവാരണ വർക്കിങ്ങ് ഗ്രൂപ്പിന്റേയും പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് കഴിയും വിധം വൈദഗ്ദ്ധ്യവും, താൽപ്പര്യവുമുള്ള ഒരു ഗ്രൂപ്പായിരിക്കണം തദ്ദേശസ്വയംഭരണ സ്ഥാപനതല ലോക്കൽ റിസോഴ്സ് ഗ്രൂപ്പ്. ആയതിന്റെ രൂപീകരണ പ്രവർത്തനം സംബന്ധിച്ച് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. **ഗ്രൂപ്പിലെ അംഗങ്ങൾ**

ഗ്രൂപ്പിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളെ സഹായിക്കാൻ കഴിയുമെന്ന് ഭരണസമിതിക്ക് ഉറപ്പുള്ളവരെ ആയിരിക്കണം. ഒരു ലോക്കൽ റിസോഴ്സ് ഗ്രൂപ്പിൽ കുറഞ്ഞത് 20 അംഗങ്ങൾ ഉണ്ടാകണം.

1-1 ദുരന്തനിവാരണം, കാലാവസ്ഥ വ്യതിയാനം, മണ്ണുജലസംരക്ഷണം തുടങ്ങിയ മേഖലകളിൽ വൈദഗ്ദ്ധ്യമുള്ളവർ; പരിശീലനം ലഭിച്ചവർ.

1-2 ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ സ്തുത്യർഹ സേവനമനുഷ്ടിച്ചവർ

1-3 ജനകീയാസൂത്രണ RP-മാർ

1-4 അദ്ധ്യാപകർ

1-5 സന്നദ്ധ പ്രവർത്തകർ

1-6 കുടുംബശ്രീ പരിശീലന ടീം അംഗങ്ങൾ

1-7 കിലയിൽ നിന്നും പരിശീലനം ലഭിച്ചവർ

1-8 അക്കാഡമിക് സ്ഥാപന പ്രതിനിധികൾ

1-9 പഞ്ചായത്തിന്റെ ഭൂപ്രകൃതി നന്നായി അറിയാവുന്നവർ

തുടങ്ങി വിഭാഗങ്ങളിൽ നിന്നുള്ളവരെ ഇതിലേക്ക് പരിഗണിക്കാവുന്നതാണ്. സ്ത്രീ പ്രാതിനിധ്യം ഉറപ്പ് വരുത്തണം. വിവരങ്ങൾ ക്രോഡീകരിക്കൽ. വിശകലനം നടത്തൽ, രേഖ എഴുതി തയ്യാറാക്കൽ തുടങ്ങീ യ മേഖലയിൽ വൈദഗ്ദ്ധ്യ മുള്ളവരെ വേണമെങ്കിൽ LRG- യെ സഹായിക്കാനായി അതത് സമയത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിളിക്കാവുന്നതാണ്.

2. **ഉത്തരവാദിത്വങ്ങൾ**

2-1 ദുരന്തനിവാരണ പദ്ധതി തയ്യാറാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനത്തേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക.

2-2 നിർദ്ദിഷ്ട ടെംപ്ലേറ്റിൽ സ്ഥിതി വിവരകണക്കുകൾ ശേഖരിക്കുക.

2-3 എല്ലാ വാർഡിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ക്രോ ഡീകരിക്കുക.

2-4 ദുരന്ത നിവാരണ അവസ്ഥാ പഠന രൂപരേഖ തയ്യാറാക്കുക.

2-5 വാർഡ് തല ഗ്രൂപ്പുകൾക്ക് വേണ്ട പരിശീലനവും അവരുടെ പ്രവർത്തനങ്ങൾക്ക് വേണ്ട നേതൃത്വവും നൽകുക.

2-6 ഗ്രാമസഭയിൽ/ വാർഡ് സഭയിൽ അവതരിപ്പിക്കേണ്ട കാര്യങ്ങൾ തയ്യാറാക്കാൻ വർക്കിംഗ് ഗ്രൂപ്പിനെ സഹായിക്കുക.

2-7 തദ്ദേശ സ്വയംഭരണ സമിതിയുടെ നിർദ്ദേശ പ്രകാരം വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ഓരോ ഗ്രാമസഭയിലും പങ്കെടുത്ത് കാര്യങ്ങൾ വിശദീകരിക്കുക.

2-8 ഗ്രാമസഭകളിൽ/ വാർഡ് സഭകളിൽ നടക്കുന്ന ഗ്രൂപ്പ് ചർച്ചക ളെ ഫെസിലിറ്റേറ്റ് ചെയ്യാനായി വാർഡ് തല ഗ്രൂപ്പിനെ പ്രാപ്തമാക്കുക.

ഗ്രാമസഭകളിൽ നിന്നുയർന്നു വന്നിട്ടുള്ള ആശയങ്ങൾ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കരട് ദുരന്തനിവാരണ പദ്ധതി രേഖ തയ്യാറാക്കുക.

2-9 വികസന സെമിനാറിന്റെ സംഘാടനം, വികസന സെമിനാറിൽ അവതരിപ്പിക്കേണ്ട കാര്യങ്ങൾ തയ്യാറാക്കൽ ചർച്ചകളുടെ നേതൃത്വം എന്നിവ വഹിക്കുക.

2-10 വികസന സെമിനാറിലെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള അന്തിമ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കാനായി വർക്കിങ്ങ് ഗ്രൂപ്പിനെ സഹായിക്കുക.

2-11 ഓരോ മേഖലയുമായി ബന്ധപ്പെട്ട പ്രോജക്റ്റ് ആശയങ്ങൾ അതാത് വർക്കിംഗ് ഗ്രൂപ്പുകൾക്ക് എഴുതി തയ്യാറാക്കി നൽകാനായി ഡിസാസ്റ്റർ മാനേജ്മെന്റ് വർക്കിംഗ് ഗ്രൂപ്പിനെ സഹായിക്കുക.

2-12 തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഇതുമായി ബന്ധപ്പെട്ട് നടത്തേണ്ട ചർച്ചയിൽ ഉന്നയിക്കേണ്ട കാര്യങ്ങൾ എഴുതി തയ്യാറാക്കൽ, ചർച്ച ക്രോഡീകരിക്കൽ.

2-13 മുകൾത്തട്ട് നിർദ്ദേശങ്ങൾ നൽകുന്നതിന് ദുരന്തനിവാരണ വർക്കിങ്ങ് ഗ്രൂപ്പിന്റേയും ഭരണ സമിതിയേയും സഹായിക്കുന്നതിനായി വിവിധ ചർച്ച കളിൽ നിന്നും വന്ന കാര്യങ്ങൾ ക്രോഡീകരിച്ച് തയ്യാറാക്കി നൽകുക.

2-14 കാലാകാലങ്ങളിൽ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ അപ്ഡേറ്റ് ചെയ്യാൻ സഹായിക്കുക.

2-15 ഓരോ വർക്കിംഗ് ഗ്രൂപ്പും അവരവരുടെ പൊതു പദ്ധതിയിൽ ഉൾപ്പെടുത്തി യിട്ടുള്ള ഡിസാസ്റ്റർ മാനേജ്മെന്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഡിസാസ്റ്റർ മാനേജ്മെന്റ് വർക്കിംഗ് ഗ്രൂപ്പിനെ സഹായിക്കുക.

3. <u>വാർഡ് തല ടീം</u>

ഏറ്റവും താഴെതലം വരെ പ്രാദേശികമായി ലഭിക്കേണ്ട വിവരങ്ങൾ യഥാസ മയം ലഭ്യമാക്കുന്നതിനും, ഇതുമായി ബന്ധപ്പെട്ട വാർഡുകളിൽ നടക്കുന്ന

പ്രവർത്തനങ്ങൾക്ക് വേണ്ട പിൻതുണ ഉറപ്പ് വരുത്തുന്നതിനുമായി എല്ലാ വാർഡിലും 20 പേരുടെ ഒരു ഗ്രൂപ്പിന് രൂപം നൽകുന്നത് നന്നായിരിക്കും.

3-1 **ഈ ഗ്രൂപ്പിൽ**

ഈ ഗ്രൂപ്പിൽ ചുവടെ കൊടുത്തിട്ടുള്ളവരെ ഉൾപ്പെടുത്താവുന്നതാണ്.

3-1-1 സന്നദ്ധ സംഘടനാ പ്രതിനിധികൾ

3-1-2 NGO പ്രതിനിധികൾ

3-1-3 ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഇടപ്പെട്ട് അനുഭവ ജ്ഞാനമുള്ളവർ

3-1-4 വാർഡിന്റെ ഭൂപ്രകൃതി അറിയാവുന്നവർ

3-1-5 ADS പ്രതിനിധികൾ

3-1-6 അങ്കൺവാടി വർക്കർമാർ

3-1-7 ആശാവർക്കർമാർ

3-1-8 പരിശീലനം ലഭിച്ചവർ

3-2 **ഉത്തരവാദിത്വങ്ങൾ**

3-2-1 LRG- ക്ക് ആവശ്യമായ വിവരങ്ങൾ നിശ്ചിത ടെംപ്ലേറ്റിൽ ശേഖരിച്ച് നൽകുക.

3-2-2 LRG ആവശ്യപ്പെടുന്നതനുസരിച്ച് FGD, ട്രാൻസെറ്റ്വാക്ക് എന്നിവ സംഘടിപ്പിക്കുക.

3-2-3 ദുരന്ത നിവാരണ പദ്ധതി ചർച്ച ചെയ്യുന്ന ഗ്രാമസഭയുടെ/വാർഡ്സഭയുടെ സംഘാടനം നടത്താൻ സഹായിക്കുക.

3-2-4 ഗ്രാമസഭയുടെ/ വാർഡ്സഭയുടെ ഗ്രൂപ്പ് ചർച്ചക്ക് വേണ്ട നേതൃത്വം നൽകുക. ഗ്രാമസഭയിലെ നിർദ്ദേശങ്ങൾ എഴുതി തയ്യാറാക്കി ക്രോഡീകരിക്കാൻ ഗ്രാമസഭാ കോർഡിനേറ്ററെ സഹായിക്കുക. അതിന്റെ കോപ്പി LRG-ക്ക് ലഭ്യമാക്കുക

3-2-5 ജനപ്രതിനിധിയുടെ നേതൃത്വത്തിൽ ഗ്രാമസഭ/വാർഡ് സഭ ചർച്ചക്കുള്ള മുന്നൊരുക്കം നടത്തുക

4. **<u>പരിശീലനം</u>**

4-1 ഇവർക്ക് ആവശ്യമായ പരിശീലനം കിലയുടേയും ദുരന്ത നിവാരണ വകുപ്പിന്റേയും നേതൃത്വത്തിൽ നൽകും.

4-2 പരിശീലനത്തിൽ പങ്കെടുക്കുന്നവർക്കുള്ള ആക്ച്വൽ റ്റി.എ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകാവുന്നതാണ്.

**5. <u>കോർപ്പറേഷൻ തലം</u>**

5-1 മുനിസിപ്പൽ കോർപ്പറേഷൻ തലത്തിൽ കൂടുതൽ വാർഡ് ഉള്ളതിനാൽ വാർഡ്തല LRG കളുടെ പ്രവർത്തനങ്ങൾ സോണൽ തലത്തിൽ മുനിസിപ്പൽ കോർപ്പറേഷൻ LRG ക്രോഡീകരിക്കേണ്ടതാണ്

ഗവർണറുടെ ഉത്തരവിൻപ്രകാരം

**ശാരദ മുരളീധരൻ**

**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

ഡയറക്ടർ, കില, തൃശ്ശൂർ

ചീഫ്, വികേന്ദ്രീകൃതാസൂത്രണം

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും (ചീഫ്, വികേന്ദ്രീകൃതാസൂത്രണം മുഖേന)

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ